എം.എ അബ്ദുൽ കരീം എടവനക്കാട്

# ബീഹാറിലെ ദുരന്തഭൂമിയിൽ

**വിവരണാതീതമാണ്** ബീഹാറിലെ പ്രളയം വിതച്ച കെടുതികൾ. ഇനിയെന്ന് പൂർവ സ്ഥിതി പ്രാപിക്കുമെന്ന് പറയാനാവില്ല. ഡാം തകർന്നതാണ് കാരണമെങ്കിലും, ഏതോ തരത്തിലുള്ള വംശഹത്യയോ ന്യൂനപക്ഷ ഉന്മൂലനമോ ഇതിനു പിന്നിലുള്ളതായി പ്രദേശവാസികൾ സംശയിക്കുന്നു. പ്രളയക്കെടുതികൾക്കിരയായവരെ സഹായിക്കുന്നതിനായി കേരളത്തിൽനിന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ ജനസേവന വിഭാഗമായ ഐഡിയൽ റിലീഫ് വിംഗിന്റെ( ഐ.ആർ.ഡബ്ലിയു) പ്രവർത്തകർ ദുരന്തബാധിത പ്രദേശം സന്ദർശിക്കുകയുണ്ടായി.

കാലപ്പഴക്കത്താൽ ജീർണിച്ച ഡാമിന്റെ ഭാഗം അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്ത് ബലപ്പെടുത്തണമെന്ന് സർക്കാർ എഞ്ചിനീയർമാർ നിരന്തരമായി നൽകിക്കൊണ്ടിരുന്ന മുന്നറിയിപ്പ് സർക്കാർ അവഗണിച്ചതാണ് വൻ ദുരന്തത്തിന് കാരണം. ഈ അവഗണനക്ക് പിന്നിൽ മുസ്‌ലിം വോട്ട്ബാങ്ക് ശിഥിലമാക്കുകയായിരുന്നു തൽപരകക്ഷികളുടെ ലക്ഷ്യം. ഡാമിന് ചുറ്റുമുള്ള പ്രദേശങ്ങളിൽ കൂടുതലും മുസ്‌ലിംകളാണ്. എന്നാൽ സംഭവിച്ച ദുരന്തം തൽപരകക്ഷികളെ പോലും സ്തബ്ധരാക്കി. ഡാം പൊട്ടി പുറത്തുചാടിയ 'സുനാമി'യെ ഓർമിപ്പിക്കുന്ന വെള്ളപ്പാച്ചിൽ നാലു ജില്ലകളിലായി ഇരുന്നൂറോളം കിലോമീറ്റർ ചുറ്റളവിലുള്ള ഭൂപ്രദേശങ്ങളെയാണ് മിനിറ്റുകൾക്കകം വിഴുങ്ങിയത്. ഇത്രയും പ്രദേശത്തെ ആയിരക്കണക്കിന് വീടുകളും പതിനായിരക്കണക്കിന് ഏക്കർ കൃഷിഭൂമിയും തകർന്ന് നിലയില്ലാകയമായിരിക്കുകയാണ്.

കട്ടിഹാറിൽനിന്ന് റോഡ് മാർഗം രണ്ട് മണിക്കൂറുകൊണ്ട് എത്തിച്ചേരാവുന്ന ദുരന്തബാധിത പ്രദേശമായ ബസ്മതിയയിൽ എത്തിച്ചേരാൻ നേപ്പാൾ വഴി എട്ടുമണിക്കൂർ യാത്ര ചെയ്യേണ്ടിവന്നു. ഇവിടേക്കുള്ള എല്ലാ റോഡുകളും തകർന്ന് പുഴയായി കിടക്കുകയാണ്.

അരക്കൊപ്പം വെള്ളത്തിൽ മണിക്കൂറുകളോളം നീന്തിയാണ് ഞങ്ങൾ ബസ്മതിയയിലുള്ള ജുമാ മസ്ജിദിൽ എത്തിയത്. അവിടന്ന് പത്തു മിനിറ്റ് കൊണ്ട് റോഡ് മാർഗം എത്താവുന്ന ബീർപ്പൂർ എന്ന സ്ഥലം തികച്ചും ഒറ്റപ്പെട്ടിരിക്കുകയാണ്. സംഭവം നടന്ന് ഇരുപത് ദിവസം പിന്നിട്ടിട്ടും സർക്കാർ ഏജൻസികളടക്കം ആരും എത്തിനോക്കാതിരുന്ന ബീർപ്പൂരിലേക്ക് മന്നം കെ.കെ ഇബ്‌റാഹീം സാഹിബിന്റെ നേതൃത്വത്തിൽ പി.ഇ ശംസുദ്ദീൻ (എടയാർ), സി.ടി സുബൈർ (ഓമശ്ശേരി), എം.എ. അബ്ദുൽ കരീം (എടവനക്കാട്), പി.വി മുഹമ്മദ് ഇഖ്ബാൽ (പാനായിക്കുളം), എൻ.എ ത്വാഹ (നെട്ടൂർ) എന്നിവരടങ്ങുന്ന സംഘം എത്തിയത്, കുടിവെള്ളം പോലും ലഭിക്കാതെ നട്ടം തിരിയുകയായിരുന്ന ജനങ്ങൾക്ക് ധൈര്യവും മനസ്സമാധാനവും പകർന്നു.

റോഡേതാണ്, ആഴമേറിയ കോസി നദി ഏതാണ് എന്ന് തിരിച്ചറിയാൻ പറ്റാതിരുന്നതിനാൽ ബീർപ്പൂരിലേക്ക് പോകാൻ എല്ലാവരും ഭയന്നു. ഒറ്റപ്പെട്ടു പോയ ഈ മനുഷ്യരെ സമാശ്വസിപ്പിക്കുന്നതിനായി എല്ലാം അല്ലാഹുവിൽ അർപിച്ച് ബീർപ്പൂരിലേക്ക് പോകാൻ ഐ.ആർ. ഡബ്ല്യു സംഘം തീരുമാനിക്കുകയായിരുന്നു. പ്രദേശത്തെ ജമാഅത്ത് പ്രവർത്തകർ മുഖേന സംഘടിപ്പിച്ച തോണിയിലാണ് യാത്ര തിരിച്ചത്. സാഹസികമായ യാത്രയിൽ പലയിടങ്ങളിലും വഞ്ചിയിൽ നിന്നിറങ്ങി, വഞ്ചി മുന്നോട്ട് തള്ളിനീക്കിയും അരക്കൊപ്പം വെള്ളത്തിൽ നീന്തിയും ബീർപ്പൂരിലെത്തി. വെള്ളത്തിലൂടെ നീന്തി പ്രദേശം ചുറ്റിക്കണ്ട സംഘം വെള്ളത്താൽ ചുറ്റപ്പെട്ട മാർക്കറ്റ് ജുമാ മസ്ജിദിൽ ജുമുഅ നമസ്കരിച്ചു. പള്ളി ഇമാമുമായും പ്രദേശവാസികളുമായും സംസാരിച്ചു. സഹായം ലഭിക്കേണ്ടത് അനിവാര്യമാണെന്ന് അവർ പറഞ്ഞു. കഴിയുന്നത് ചെയ്യാമെന്ന വാഗ്ദാനവുമായി സംഘം മടങ്ങി. മടക്കയാത്രയിൽ കൂടെ പോരാൻ കൊതിച്ച ദുരന്തബാധിതരായ രണ്ട് യുവാക്കളെ അപകടകരമായ യാത്രയായതിനാൽ തോണിയിൽ കയറ്റാൻ നിവൃത്തിയുണ്ടായിരുന്നില്ല. അവരെ കയറ്റിയിരുന്നെങ്കിൽ വഞ്ചി മുങ്ങുമായിരുന്നെന്ന് ഞെട്ടലോടെയാണ് സംഘാംഗങ്ങൾ പിന്നീട് ഓർത്തത്. മടക്കയാത്രയിൽ കോസീ നദിയുടെ ഒഴുക്കിൽ പെട്ട് തോണിയുടെ നിയന്ത്രണം നഷ്ടപ്പെട്ടു. എന്നാൽ തോണിക്കാരന്റെ പരിചയവും നിശ്ചയദാർഢ്യവുമാണ് തുണയായത്. അങ്ങനെ സുരക്ഷിതമായി ബസ്മതിയയിൽ തിരിച്ചെത്തി.

പിന്നെ ഞങ്ങൾ കട്ടിഹാറിലേക്ക് തിരിച്ചു. അവിടത്തെ റിലീഫ് ഓഫീസിലെത്തി. ജമാഅത്തെ ഇസ്‌ലാമിയുടെ ബീഹാർ റിലീഫ് പ്രവർത്തനങ്ങളുടെ അമരക്കാരനായ നയ്യർ സമാൻ സാഹിബുമായി കാര്യങ്ങൾ ചർച്ച ചെയ്തു. ബീർപ്പൂരിലെ ഗുരുതരാവസ്ഥ മനസ്സിലാക്കിയ അദ്ദേഹം പിറ്റേന്ന് തന്നെ രണ്ട് വള്ളം ഭക്ഷണ സാധനങ്ങൾ അങ്ങോട്ടയച്ചു.

> **റിലീഫ് പ്രവർത്തനത്തിന് ചുക്കാൻപിടിക്കുന്ന നയ്യർ സമാൻ സാഹിബ്, ഇന്ത്യയിലെ മുഴുവൻ സുമനസ്സുകളിലും പ്രതീക്ഷയർപ്പിച്ച് മുന്നോട്ട് നീങ്ങുകയാ**

നാല് ജില്ലകളെയാണ് ദുരന്തം പൂർണമായും ബാധിച്ചത്. ബീർപ്പൂരിലെ സലീം ചൗക്ക്, ബാദ്ഷാ ചൗക്ക്, ഗോരഹ, ബരേലിപട്ടി, ഗിൽമാരി തുടങ്ങിയ നിരവധി ഗ്രാമങ്ങൾ ഇനി കെട്ടിപ്പടുക്കാൻ കഴിയാത്തവിധം തകർന്നിരിക്കുന്നു. സ്ത്രീകളും കുട്ടികളുമടക്കം പതിനായിരത്തിൽപരം പേർ മരിച്ചിട്ടുണ്ടാവുമെന്നാണ് അനൗദ്യോഗിക കണക്ക്. കൺമുന്നിൽ കുഞ്ഞുമക്കൾ മുങ്ങിപ്പൊങ്ങി ഒഴുകിപ്പോകുന്നത് കണ്ടു നിൽക്കാൻ വിധിക്കപ്പെട്ട മാതാപിതാക്കൾ, ഇനിയും ഞെട്ടൽ വിട്ടുമാറാതെ ജീവച്ഛവങ്ങളായി ക്യാമ്പുകളിൽ കഴിയുന്നു. കാണാതായ മക്കൾക്ക് വേണ്ടി രക്ഷകർത്താക്കളും രക്ഷകർത്താക്കൾക്കായി മക്കളും ക്യാമ്പുകൾ തോറും അന്വേഷിച്ച് അലയുകയാണ്. തങ്ങളുടെ മൊത്തം സമ്പാദ്യമായിരുന്ന ആയിരക്കണക്കിന് മാടുകൾ ചത്തൊടുങ്ങിയെന്ന് ദുരന്തബാധിതർ വേദനയോടെ പറഞ്ഞു. വെള്ളപ്പാച്ചിൽ കണ്ടതോടെ സ്വയം >>

രക്ഷ നേടാനായി മാടുകളെ കെട്ടഴിച്ചുവിട്ടെന്ന് പലരും സമാധാനിക്കുകയാണ്. മനുഷ്യജഡങ്ങളും മൃഗങ്ങളുടെ ജഡങ്ങളും ബീർപ്പൂരിലെ മിലിട്ടറി ട്രെയ്നിംഗ് എയർബേസിന്റെ കമ്പിവേലിയിൽ കുടുങ്ങി ചീഞ്ഞു നാറിയ അനുഭവവും ബീർപ്പൂർ നിവാസികൾക്കുണ്ടായി.

ബീർപ്പൂരിലെയും ബസ്മതിയയിലെയും പണിതീരാത്ത ജമാഅത്ത് ഓഫീസും ദർസ്ഗാഹും വെള്ളപ്പാച്ചിലിൽ തകർന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ബീഹാർ ഘടകം പ്രവർത്തകരുടെ ഊർജസ്വലവും വിശ്രമരഹിതവുമായ പ്രവർത്തനമാണ് ദുരന്തബാധിതർക്ക് ആശ്വാസമേകുന്നത്. സർക്കാർ ക്യാമ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും റമദാനായതിനാൽ നോമ്പും നമസ്കാരവുമൊക്കെ വേണ്ടരൂപത്തിൽ അനുഷ്ഠിക്കാൻ അവിടെ സൗകര്യമുണ്ടായിരുന്നില്ലെന്ന് ക്യാമ്പ് നിവാസികൾ വേദനയോടെ പറഞ്ഞു. ഇത്തരം പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാൻ നിരവധി ഗ്രാമങ്ങളിൽ ജമാഅത്ത് ദിവസവും സമൂഹ നോമ്പുതുറക്കുള്ള സൗകര്യം ഒരുക്കുകയുണ്ടായി.

റിലീഫ് പ്രവർത്തനത്തിന് ചുക്കാൻപിടിക്കുന്ന നയ്യർ സമാൻ സാഹിബ്, ഇന്ത്യയിലെ മുഴുവൻ സുമനസ്സുകളിലും പ്രതീക്ഷയർപ്പിച്ച് മുന്നോട്ട് നീങ്ങുകയാണ്. ഇതിനകം ധാരാളം പേർ *മാധ്യമ*ത്തിൽനിന്ന് ലഭിച്ച ഫോൺ നമ്പർ വഴി സമാൻ സാഹിബിനെ വിളിച്ച് പിന്തുണ അറിയിച്ചതും സഹായം *മാധ്യമം* വഴി നൽകാമെന്ന് വാഗ്ദാനം ചെയ്തതും ആത്മവിശ്വാസം വർധിപ്പിച്ചിട്ടുണ്ട്.

ഇനിയും നിയന്ത്രണാധീനമായിട്ടില്ലാത്ത വെള്ളത്തിന്റെ കുത്തൊഴുക്ക് ഒരുനാൾ വറ്റുമ്പോൾ കൂര തകർന്നവർക്ക് കൂരകളും തൊഴിലുപകരണങ്ങളും നൽകണം. അനാഥരുടെയും വിധവകളുടെയും പുനരധിവാസത്തിന് വഴി കാണണം. ക്യാമ്പുകളിൽ പിറന്നു വീണ ശിശുക്കൾ അടക്കമുള്ളവരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കണം. എല്ലാ സംസ്ഥാനങ്ങളിലെയും പ്രസ്ഥാന പ്രവർത്തകരിലാണ് ബീഹാർ ഘടകം അമീർ റഹ്മത്തുല്ലാ അലിഖാൻ സാഹിബും സമാൻ സാഹിബും പ്രധാനമായും പ്രതീക്ഷയർപ്പിക്കുന്നത്.

■